**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3663

11.12.2018-ൽ മറുപടിക്ക്

**പോളിടെക്നിക്കുകളിൽ അദ്ധ്യാപക തസ്തികകൾ**

**ചോദ്യം**

ശ്രീ.തോമസ് ചാണ്ടി

**മറുപടി**

ഡോ. കെ. ടി. ജലീൽ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പോളിടെക്നിക്കുകളിൽ എ.ഐ.സി.റ്റി.ഇ. മാനദണ്ഡപ്രകാരം ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചതിൻ പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ മൂന്നു ഘട്ടങ്ങളിലായി തസ്തികകൾ സൃഷ്ടിക്കുവാൻ ഉത്തരവായിരുന്നതിന്മേൽ കൈക്കൊണ്ട നടപടികളും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ ;

(ബി) 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ നൽകുമോ?

(എ) & (ബി) 2017-18, 2018-19, 2019-20 എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായി വിവിധ പോളിടെക്നിക്ക് കോളേജുകളിലെ അധ്യാപക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 4.10.2017 ലെ സ.ഉ. (കൈ) നം. 261/2017/ഉവിവ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം 2017-18 അദ്ധ്യയന വർഷത്തേക്ക് ഒന്നാം ഘട്ടമായി ചുവടെ ചേർക്കും പ്രകാരം പുതിയ അധ്യാപക തസ്തികകൾ പോളിടെക്നിക്ക് കോളേജുകളിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

| | സർക്കാർ പോളിടെക്നിക്ക് കോളേജ് | എയ്ഡഡ് പോളിടെക്നിക്ക് കോളേജ് | ആകെ |
|---|---|---|---|
| ലക്ചറർ | 82 | 9 | 91 |
| അഡ്ജംക്റ്റ് ഫാക്കൽറ്റി | 92 | 15 | 107 |
| ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് | 1 | | 1 |
| **ആകെ** | **175** | **24** | **199** |

2017-18 അദ്ധ്യയന വർഷം ഇതിനായി ആധാരമാക്കിയിരുന്ന അധ്യാപക – വിദ്യാർത്ഥി അനുപാതം 1:20 ആയിരുന്നു. ഇത് 2018-19 അദ്ധ്യയന വർഷത്തിൽ 1:25 ആയി എഐസിടിഇ പരിഷ്കരിച്ചിരുന്നു. അതിന് ആനുപാതികമായി രണ്ടും മൂന്നും ഘട്ടങ്ങൾക്കായി നേരത്തെ പരിഗണിച്ചിരുന്ന പ്രൊപ്പോസൽ 1:25 ആയി പരിഷ്കരിക്കുകയും പുതുക്കിയ അനുപാതം അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്.

സെക്ഷൻ ഓഫീസർ.